## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2440** **24-06-2024 - ൽ മറുപടിയ്ക്ക്**

## ആസ്തി വികസന ഫണ്ട് മാനദണ്ഡങ്ങളിൽ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | സർക്കാർ നിയന്ത്രിത സ്വയംഭരണ സ്ഥാപനങ്ങൾക്കു കൂടി ആസ്തി വികസന ഫണ്ട് ചെലവഴിച്ച് അക്കാദമിക് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | IHRD കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനം, ബസ് വാങ്ങൽ, കമ്പ്യൂട്ടർ, പ്രിന്റർ, പ്രൊജക്ടർ, സൗണ്ട് സിസ്റ്റം വാങ്ങൽ എന്നിവ മാർഗ്ഗനിർദ്ദേശങ്ങളിലെ അനുവദനീയമായ പ്രവർത്തികളിൽ ഉൾപ്പെടുത്തണമെന്ന് ബഹു എൽ എൽ എ മാരുടെ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് മന്ത്രി നല്കിയ നിർദ്ദേശത്തിന്മേൽ ഒരു വർഷത്തിലധികമായിട്ടും തീരുമാനമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര ഇടപെടൽ നടത്തി പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആസ്തിവികസന ഫണ്ടിന്റേയും പ്രത്യേക വികസന ഫണ്ടിന്റേയും വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങളിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച ബഹു എം.എൽ.എ മാർ അറിയിക്കുന്ന നിർദേശങ്ങൾകൂടി ഭേദഗതി പ്രൊപ്പോസലിനൊപ്പം പരിഗണിക്കേണ്ടതാണെന്ന് എന്ന് ബഹു ധനകാര്യ വകുപ്പ് മന്ത്രി ഉത്തരവിട്ടിരുന്നു. ആയത് പ്രകാരം ബഹു; എം എൽ എ മാരുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഏതാനും എംഎൽഎമാരുടെ നിർദ്ദേശങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇനിയും സാമാജികർ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | താല്പര്യപ്പെടുന്നുണ്ടെങ്കിൽ ആയത് കൂടി വകുപ്പിലേക്ക് ലഭ്യമാക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റിനോട് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു എം എൽ എ മാരുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറക്ക് മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ